പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2811 — 17.06.2019 -ൽ മറുപടിക്ക്

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ കരിയർ ഡെവലപ്മെന്റ് സെന്റർ

| ചോദ്യം<br>ശ്രീ.എം.സ്വരാജ് | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ശിലാസ്ഥാപനം കഴിഞ്ഞ കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ വിശദാംശം അറിയിക്കുമോ; | (എ) | തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ ശിലാസ്ഥാപനം കഴിഞ്ഞ തൃപ്പൂണിത്തുറ കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സർക്കാർ അംഗീകൃത ഏജൻസിയുമായി ബന്ധപ്പെട്ട് പ്ലാൻ & എസ്റ്റിമേറ്റ് ലഭ്യമാക്കുകയും പ്രസ്തുത എസ്റ്റിമേറ്റ് തുക വളരെ കൂടുതലായതിനാൽ ആയതിന്മേൽ നെഗോഷിയേഷൻ നടത്തുകയും അതിന്റെ അടിസ്ഥാനത്തിലുള്ള പുതുക്കിയ എസ്റ്റിമേറ്റ് പ്രസ്തുത സ്ഥാപനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതിന്മേൽ തുടർനടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | ഈ സെന്ററിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ; | (ബി) യും (സി) യും | പ്ലാൻ & എസ്റ്റിമേറ്റ് അംഗീകരിച്ച്, സർക്കാർ അംഗീകൃത ഏജൻസിക്ക് നിർമ്മാണ ചുമതല നൽകി, ബന്ധപ്പെട്ട സർക്കാർ അംഗീകൃത ഏജൻസിയും എംപ്ലോയ്മെന്റ് വകുപ്പും തമ്മിൽ ഉടമ്പടിയിൽ ഏർപ്പെടുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായും മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.<br>നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുന്ന ഉടമ്പടിയിലെ വ്യവസ്ഥകൾക്കും ഫണ്ടിന്റെ ലഭ്യതയ്ക്കും അനുസരിച്ച് കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്. |
| (സി) | എന്നത്തേക്ക് ഈ നിർമ്മാണം പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ